**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1111** **18-09-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കടലാക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായിട്ടുള്ളതും ജനവാസകേന്ദ്രങ്ങളെ ബാധിക്കുന്നതുമായ എടവനക്കാട്, നായരമ്പലം, പള്ളിപ്പുറം, ഞാറക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ തകർന്നു കിടക്കുന്ന കടൽ ഭിത്തികൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | എടവനക്കാട് പഞ്ചായത്തിലെ ഏറ്റവും ദുർബലമായ പ്രദേശങ്ങളിൽ തീരസംരക്ഷണ പ്രവർത്തനങ്ങൾക്കായി GIDA മുഖേനയും NDMF മുഖേനയും ഫണ്ട് ലഭ്യമാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ADB ധനസഹായം ലഭ്യമാക്കി മിഷൻ ഡയറക്ടേറ്റ് മുഖാന്തരം പ്രസ്തുത പ്രവൃത്തികൾ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രദേശങ്ങൾ ഹോട്ട്സ്പ്പോട്ടുകളിൽ ഉൾപ്പെടുത്തി കടലാക്രമണം തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി 09.08.2024-ന് ബഹു. ജലവിഭവ വകുപ്പ് മന്ത്രിക്ക് എം.എൽ.എ. നിവേദനം സമർപ്പിച്ചിരുന്നതും ആയതുപ്രകാരം 1R2/355/ജ.വി.വ നമ്പർ ഫയലിൽ അടിയന്തര റിപ്പോർട്ടിനായി ചീഫ് എഞ്ചിനിയർക്ക് നിർദേശം നൽകിയിരുന്നതിൽ, നാളിതുവരെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; | (ബി) | വൈപ്പിൻ മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായിട്ടുള്ള പ്രസ്തുത പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെടുത്തി കടലാക്രമണം തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ സമർപ്പിച്ച നിവേദനം IR2/355/2024 - ജവിവ ഫയലിൽ കൈകാര്യം ചെയ്യുകയും ആയതിൻമേൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് 25/05/2025 തീയതിയിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ആയത് അനുബന്ധം 1 ആയി ചേർക്കുന്നു. ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമായ റിപ്പോർട്ടിലെ വിവരങ്ങൾ എം.എൽ.എ യെ 03/06/2025 ലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ആയത് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | വൈപ്പിൻ മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായിട്ടുള്ള പ്രസ്തുത പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെടുത്തി കടലാക്രമണം തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ സമർപ്പിച്ച നിവേദനം IR2/355/2024 - ജവിവ ഫയലിൽ കൈകാര്യം ചെയ്യുകയും ആയതിൻമേൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് 25/05/2025 തീയതിയിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ആയത് അനുബന്ധം 1 ആയി |

| | | | |
|---|---|---|---|
| | | | ചേർക്കുന്നു. ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമായ റിപ്പോർട്ടിലെ വിവരങ്ങൾ എം.എൽ.എ യെ 03/06/2025 ലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ആയത് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്തിന്റെ എല്ലാ കടൽത്തീരങ്ങളേയും ഉൾപ്പെടുത്തി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) സമർപ്പിച്ച കരട് റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (ഡി) | തീരമേഖലയെ തീരശോഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായുള്ള National Centre for Coastal Research (NCCR) പ്രാഥമിക പഠനം നടത്തിയിരുന്നു. കടലാക്രമണത്തിന് ശാശ്വത പരിഹാരം കാണുന്നതിന് രൂപരേഖ തയ്യാറാക്കാനായി വിവരങ്ങൾ ശേഖരിക്കുകയും തുടർന്ന് തീരദേശ മാനേജ്മെന്റ് പ്ലാൻ (SMP) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫൈനൽ റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിൽ ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്. |
| (ഇ) | പ്രസ്തുത പദ്ധതി എപ്പോൾ നടപ്പിലാക്കാൻ സാധിക്കുമെന്നും ആയതിനുള്ള ധനസ്രോതസ് ഏതെന്നും വിശദമാക്കുമോ; | (ഇ) | മിഷൻ ഡയറക്ടേറ്റ് മുഖേന ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് (എ.ഡി.ബി) സാമ്പത്തിക സഹായം ലഭ്യമാക്കി പ്രസ്തുത പ്രവൃത്തികൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | ഇതു സംബന്ധിച്ച ജലവിഭവ വകുപ്പിലെ ഫയൽ നമ്പറുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ ? | (എഫ്) | IR1/132/2024 ജവിവ നമ്പർ ഫയലിലാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

no.CEIA/6279/2023-PL2(PLG)

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും തിരുവനന്തപുരം
തീയതി : 25-05-2025

പ്രേഷകൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

അഡിഷണൽ ചീഫ് സെക്രട്ടറി
ജലവിഭവ ( ഐ.ആർ ) വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: ജലവിഭവ വകുപ്പ് -വൈപ്പിൻ കരയെ ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ ഉൾപ്പെടുത്തുന്നത് -സംബന്ധിച്ച്-

സൂചന :- 1) കത്ത് നമ്പർ :IR2/355/2024-WRD തീയതി 08.10.2024 ജലവിഭവ(IR) വകുപ്പ് , തിരുവനന്തപുരം.

2) 13/6/2024തീയതിയിലെ NCCR ന് നൽകിയ ഈമെയിൽ സന്ദേശം

മേൽ വിഷയത്തിലേക്കും സുചനയിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു.വൈപ്പിൻ കരയിലെ തീരശോഷണവും, കടലാക്രമണവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായ പഠനം നടത്തി Design ലഭ്യമാക്കുന്നതിനു വേണ്ടി National Centre for Coastal Research (NCCR) ചെന്നൈക്ക് Bathymetric survey report, Topographic survey report, Necessity report എന്നിവ സൂചന (2) പ്രകാരം നൽകിയിട്ടുണ്ട്.കേരളത്തിലെ എല്ലാ കടൽത്തീരങ്ങളെയും ഉൾപ്പെടുത്തി National Center for Coastal Research (NCCR), Shoreline Management Plan ന്റെ കരട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കരട് റിപ്പോർട്ടിന്മേൽ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി മെമ്പേഴ്സിൽ നിന്ന് ലഭിച്ച comments / reviews എന്നിവയും 13 / 02 / 2025 ൽ ഈ കാര്യാലയത്തിൽ വച്ച് നടത്തിയ മീറ്റിംഗിൽ ഉയർന്നു വന്ന അഭിപ്രായങ്ങളും പരിശോധിക്കുന്നതിനും അന്തിമ റിപ്പോർട്ടിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുമായി NCCR നു നൽകിയിരുന്നു . NCCR ആയത് പരിശോധിക്കുകയും comments / reviews നുള്ള മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് , റിപ്പോർട്ട് അന്തിമമാക്കുന്നതിന് ത്വരിതഗതിയിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. NCCR നിന്നും Design ലഭ്യമാകുമ്പോൾ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങളായ വൈപ്പിൻകരയിലെ എടവനക്കാട്, നായരമ്പലം, ഞാറക്കൽ, പള്ളിപ്പുറം, എളങ്കുന്നപ്പുഴ പ്രദേശങ്ങൾക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ചു അനുയോജ്യമായ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. ഈ വിവരങ്ങൾ അങ്ങയുടെ അറിവിലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.

ഉള്ളടക്കം : സൂചന(2) ന്റെ പകർപ്പ്

വിശ്വസ്തതയോടെ

Signed by Sreedevi P
Date: 25-05-2025 22:42:40
ചീഫ് എഞ്ചിനീയർ(FAC)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ജലവിഭവ(ഐ ആർ) വകുപ്പ്

നമ്പർ.ഐ ആർ2/355/2024-ജവിവ

03-06-2025,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ശ്രീ കെ എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ
കെഴുപ്പിള്ളിൽ, കടവന്ത്ര,
കൊച്ചി-682020

സർ,

വിഷയം:- ജലവിഭവ വകുപ്പ്-വൈപ്പിൻ കരയെ ഹോട്ട് സ്പോട്ട് പ്രദേശങ്ങളിൽ ഉൾപ്പെടുത്തുന്നത് -സംബന്ധിച്ച്

സൂചന:-
1. 10.07.2024 തീയതിയിൽ താങ്കൾ ബഹു.മത്സ്യബന്ധന വകുപ്പ് മന്ത്രിക്ക് അയച്ച KNU/MLA/TVM/24-138(3) നമ്പർ കത്ത്
2. 08.10.2024 തീയതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്
3. ജലസേചനവും ഭരണവും ചീഫ് എൻജിനീയറുടെ 25.05.2025 തീയതിയിലെ CEIA/6279/2023-PL2(PLG) നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വൈപ്പിൻ കരയെ ഹോട്ട് സ്പോട്ട് പ്രദേശങ്ങളിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സൂചന (3) പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറിൽ നിന്ന് ലഭിച്ച വിവരങ്ങൾ താങ്കളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു.

വൈപ്പിൻ കരയിലെ തീരശോഷണവും കടലാക്രമണവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായ പഠനം നടത്തി Design ലഭ്യമാക്കുന്നതിനു വേണ്ടി National Centre for Coastal Research (NCCR) ചെന്നൈക്ക് Bathymetric survey report, Topographic survey report, Necessity report എന്നിവ നൽകിയിട്ടുണ്ട്. കേരളത്തിലെ എല്ലാ കടൽത്തീരങ്ങളെയും ഉൾപ്പെടുത്തി National Center for Coastal Research (NCCR), Shoreline Management Plan ന്റെ കരട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കരട് റിപ്പോർട്ടിന്മേൽ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി മെമ്പേഴ്സിൽ നിന്ന് ലഭിച്ച comments/reviews എന്നിവയും 13/02/2025-

ൽ നടത്തിയ മീറ്റിംഗിൽ ഉയർന്നു വന്ന അഭിപ്രായങ്ങളും പരിശോധിക്കുന്നതിനും അന്തിമ റിപ്പോർട്ടിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുമായി NCCR-നു നൽകിയിരുന്നു. NCCR ആയത് പരിശോധിക്കുകയും comments/reviews-നുള്ള മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് അന്തിമമാക്കുന്നതിന് ത്വരിതഗതിയിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. NCCR നിന്നും Design ലഭ്യമാക്കുമ്പോൾ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങളായ വൈപ്പിൻകരയിലെ എടവനക്കാട്, നായരമ്പലം, ഞാറക്കൽ, പള്ളിപ്പുറം, എളങ്കുന്നപ്പുഴ പ്രദേശങ്ങൾക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ചു അനുയോജ്യമായ തീരസരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

DEEPA N C

ജോയിന്റ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി